**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4532** **01-07-2024 - ൽ മറുപടിയ്ക്ക്**

**കേരള-ഗൾഫ് യാത്രാ കപ്പൽ തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരള-ഗൾഫ് യാത്രാ കപ്പൽ സർവീസ് ആരംഭിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത സർവീസ് എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നും അറിയിക്കുമോ? | (എ) | കേരള ഗൾഫ് കപ്പൽ സർവ്വീസ് ആരംഭിക്കുന്ന തിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി താത്പര്യപത്രം ക്ഷണിക്കുകയും രണ്ട് കമ്പനികൾ താത്പര്യം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്പനി പ്രതിനിധികളുമായി ഇത് സംബന്ധിച്ച് ചർച്ച നടന്ന് വരുന്നു. കമ്പനികൾ ഇതിനായുപയോഗിക്കുന്ന കപ്പലിന്റെ ഡ്രാഫ്റ്റ് അനുസരിച്ച് മാത്രമേ ഏത് തുറമുഖത്തിലാണ് ഇവ എത്തിച്ചേരുന്നതെന്നുള്ള കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. വലിയ കപ്പലുകൾ അടുക്കുവാനുള്ള സൗകര്യം ഇപ്പോൾ കൊച്ചി തുറമുഖത്തിൽ മാത്രമുള്ളതിനാൽ തുടക്ക ത്തിൽ കൊച്ചിയിൽ കപ്പൽ എത്തിക്കുവാനുള്ള സാധ്യതകളാണ് പ്രധാനമായും പരിശോധിക്ക ന്നത്. മറ്റ് തുറമുഖങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ബേപ്പൂർ അടക്കമുള്ള തുറമുഖങ്ങളിലേക്ക് കപ്പൽ എത്തിക്കു വാൻ സാധിക്കും. നിരവധി നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ സർവ്വീസ് എന്ന് നടത്താൻ കഴിയുമെന്ന് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ